"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ മൂടാടി വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2756/2024/RD തീയതി,തിരുവനന്തപുരം, 19-11-2024

---

പരാമർശം:-
1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്) നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.11.2022, 05.02.2024, 31.10.2024 തീയതിയിലെ എൽ.ആർ/8630/2022-എൽആർ(ജി7) നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ മൂടാടി വില്ലേജാഫീസ് മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടം ജീർണ്ണിച്ചതും അസൗകര്യങ്ങൾ കൊണ്ട് വീർപ്പുമുട്ടിയിരുന്നതിനാൽ ടി വില്ലേജ് ഓഫീസ് 01/09/2018 മുതൽ ശ്രീ.കെ.നൂറുദ്ദീൻ, ശ്രീ.എം.ഷാനവാസ് എന്നിവരുടെ ഉടമസ്ഥതിലുള്ള മൂടാടി ഗ്രാമപഞ്ചായത്തിലെ 264/16 നമ്പറിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണ്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 27.32 ച.മീ.ന് 2,875/- രൂപയും ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 139.788 ച.മീ. ന് ഒരു ചതുരശ്രമീറ്ററിന് 105.23/- രൂപ നിരക്കിൽ 14,710/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. മൂടാടി വില്ലേജ് 12 ദേശങ്ങളുള്ള ജനസാന്ദ്രത കൂടിയ വില്ലേജാണ്. ദിവസവും ധാരാളം പൊതുജനങ്ങൾ എത്തുന്നതും 7 ജീവനക്കാർ ജോലി ചെയ്തു വരുന്നതുമായ ടി കെട്ടിടത്തിൽ ഒരു റെക്കോർഡ് റൂം, ശുചിമുറി, ഗോവണി, ജീവനക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള മുറി എന്നിവയാണുള്ളത്. ടി സൗകര്യങ്ങൾ വില്ലേജാഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒഴിച്ചു കൂടാൻ പറ്റാത്തതുമായതിനാൽ ടി കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും വില്ലേജാഫീസിന്റെ പ്രവർത്തനത്തിനായി ഉപയോഗിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ മൂടാടി വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 14,710/- രൂപ വാടക നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ മൂടാടി

വില്ലേജാഫീസ് 01/09/2018 മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്കുപൈഡ് കാർപ്പെറ്റ് ഏരിയയായ 139.788 ച.മീ ന് ആനുപാതികമായി 14,710/- രൂപ (പതിനാലായിരത്തി എഴുന്നൂറ്റി പത്ത് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഹുൽ എ രാജ് കെ എ എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Pushpavally B

സെക്ഷൻ ഓഫീസർ

Date: 19-11-2024 15:23:21